# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4504      18.05.2017-ൽ മറുപടിയ്ക്ക്

## നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ നികുതിവരുമാനം ലഭിച്ചത് ഏത് വർഷമാണ്; എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ; | (എ). | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2011 മുതൽ 2016 ഡിസംബർ 31 വരെ ലഭിച്ച തനത് നികുതി വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ നികുതി വരുമാനം ലഭിച്ചത് 2015-16 സാമ്പത്തിക വർഷമാണ്. പ്രസ്തുത സാമ്പത്തിക വർഷം മുൻവർഷത്തെ അപേക്ഷിച്ച് 10.67 ശതമാനം വളർച്ച നേടുവാൻ കഴിഞ്ഞു. |
| (ബി) | നികുതിവരുമാന ചോർച്ചയുടെ കാരണങ്ങൾ വിശദമാക്കുമോ; ആയത് പരിഹരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഫലം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ബാർ ഹോട്ടലുകൾ നിർത്തലാക്കിയതും നോട്ട് നിരോധനവും സിമന്റ്, അയൺ ആന്റ് സ്റ്റീൽ, ടൈൽസ്, ടിംബർ എന്നിവയുടെ വരുമാനത്തിൽ വന്ന കുറവും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു.<br><br>ആയത് പരിഹരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് |

| | | | |
|---|---|---|---|
| | | | ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11. ദീർഘ കാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>12. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം |

| | | | |
|---|---|---|---|
| | | | വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.<br>14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>15. റെയിൽവേ വഴി സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.<br>16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 19. മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി, പർച്ചേസ് വാല്യൂ എന്നിവ കുറച്ച് കാണിച്ച് നികുതി വെട്ടിക്കുന്നത് തടയുന്നതിനായി ആഭ്യന്തര പരിശോധനാ വിഭാഗം ശക്തിപ്പെടുത്തി.<br><br>മേൽ പ്രസ്താവിച്ച നടപടികളുടെ ഫലമായി 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനം വളർച്ച നേടുവാൻ കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ.**